ഭരണ ഭാഷ-മാതൃഭാഷ

38641

Ro.(Gis)

# GOVERNMENT OF KERALA

നം. 3670/ഡി2/14/സാമൂ.നീതി.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 8.8.2014

## സർക്കുലർ

വിഷയം - സാ.നീതി വകുപ്പ് -അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡ്-സർക്കാർ -ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിക്കുന്നത് സംബന്ധിച്ച്

സൂചന- 30.11.2010 തീയതിയിലെ സ.ഉ(പി) 86/2010/സാ.ക്ഷേ.വ നമ്പർ ഉത്തരവ്

E6

സാമൂഹ്യനീതി വകുപ്പ് സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തുന്ന മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി മേൽപറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും, വികലാംഗത്വം തെളിയിക്കുന്നതിനും മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് വികലാംഗർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒഴിവാക്കേണ്ടതാണെന്നും സൂചന പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

05/09/14 SAA

Adm

2. എന്നാൽ മേൽ ഉത്തരവ് അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് യാത്രാസൌജന്യം അനുവദിക്കുന്ന കാര്യത്തിൽ കെ.എസ്.ആർ.ടി.സി യും മറ്റ് പല വിഷയങ്ങളിൽ ചില സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗപരിമിതരായവർക്കും അവരുടെ രക്ഷിതാക്കൾക്കും ഇത് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ആയതിനാൽ സൂചനയിലെ ഉത്തരവ് എല്ലാ സ്ഥാപനങ്ങളിലും കർശനമായി നടപ്പിലാക്കേണ്ടതും ഇതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/എം.ഡി മാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവർ ഇക്കാര്യത്തിൽ ആവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ടു നൽകേണ്ടതാണ്.

ഡോ.കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

HoFF

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/സെക്രട്ടറി എന്നിവർക്ക്
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ്/പൊതുമേഖല/,സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവി/ എം.ഡി/സി.ഇ.ഒ മാർക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

55521/14/FHQ

ഇ6-38641/2014

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്,
തിരുവനന്തപുരം,
Email:apccf-Admn@forest.kerala.gov.in
Phone"(0)0471-2338491 Fax:0471-2338491

*തീയതി 18.12.2014.*

20/12/14

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം), തിരുവനന്തപുരം.

എല്ലാ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ /
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ /
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / ഫോറസ്റ്റ് കൺസർവേറ്റർ /
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

21/12
ACF (GIS)

സർ,

വിഷയം:- വനം വകുപ്പ് - അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡ് - സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി കണക്കാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 08.08.14-ലെ 3670/ഡി2/14/സാമൂഹിക നീതി വകുപ്പ് നമ്പർ സർക്കാർ സർക്കുലർ.

സൂചന സർക്കാർ സർക്കുലറിന്റെ പകർപ്പ് അറിവിനും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ഭരണം) ക്കുവേണ്ടി.

RO(GIS-I)
Pls upload to the website.
20/12/14
ACF(MIS)

22/12/2014

uploaded
22/12/14

D:\Preetha-2014\E-M\E6\E6-38641-14 dt. 19.12.14M.doc